പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടും നിയമനം ലഭിച്ചില്ലെന്ന പരാതി

55 (2871) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി നിയമന ശിപാർശ നൽകിയിട്ടും നിയമനം ലഭിച്ചില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളുടെ റാങ്ക് ലിസ്റ്റിൽ നിന്നും ശിപാർശ ലഭിച്ചവർക്കാണ് ഇതിനകം നിയമനം നൽകാനുള്ളത് ;

(ബി) ഓരോ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് എന്നാണ് നിയമന ശിപാർശ നൽകിയത് ;

(സി) പി.എസ്.സി. ചട്ടങ്ങൾ പ്രകാരം എത്ര ദിവസത്തിനകമാണ് ശിപാർശ ലഭിച്ചവർക്ക് നിയമനം നൽകുന്നത് ;

(ഡി) ശിപാർശ ലഭിച്ചവർക്ക് നിയമനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഇ) ഇപ്രകാരം നിയമനം കാത്തുനിൽക്കുന്നവരിൽ എസ്.സി/എസ്.ടി വിഭാഗങ്ങളിൽപ്പെട്ടവർ ഉണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 12-11-1982-ലെ 109117/SD4/82/GAD നമ്പർ സർക്കാർ പരിപത്രം പ്രകാരം പി.എസ്.സി. നിയമന ശിപാർശ നൽകി മൂന്നുമാസത്തിനകം നിയമനാധികാരി നിയമന ഉത്തരവ് നൽകേണ്ടതാണ്.

(ഡി & ഇ) വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി. ഓൺലൈൻ പരീക്ഷ

56 (2872) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. നടത്തിയ പരീക്ഷകൾ കുറ്റമറ്റരീതിയിലാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പി.എസ്.സി ഓൺലൈൻ പരീക്ഷ നടത്തിപ്പിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ&ബി) പി.എസ്.സി.-യുടെ പരീക്ഷാരീതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ പരീക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ പരീക്ഷ മുഖേന, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസം ഒഴിവാക്കുവാൻ സാധിക്കും. പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം എന്നീ ജില്ലകളിൽ ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ഓൺലൈൻ പരീക്ഷാകേന്ദ്രത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

പി.എസ്.സി. പരീക്ഷയിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളുടെ വിശദാംശങ്ങൾ

57 (2873) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാറ്റഗറി നമ്പർ 279/2011 പ്രകാരം പി.എസ്.സി. നടത്തിയ പരീക്ഷയിൽ യോഗ്യത നേടിയ എത്ര ഉദ്യോഗാർത്ഥികൾ ശരിയായ സർവ്വീസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ലായെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരസിക്കുമെന്ന് വിജ്ഞാപനത്തിൽ വ്യക്തമാക്കിയിരുന്നോയെന്ന് വിശദമാക്കുമോ ;

(സി) വിജ്ഞാപനത്തിൽ വ്യക്തമാക്കിയിരുന്നതുപോലെ പ്രസ്തുത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരസിച്ചോയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ ;

(ഡി) ഉത്തരക്കടലാസ് പുനഃപരിശോധനയ്ക്ക് അപേക്ഷിച്ചവർക്ക് ആദ്യം ലഭിച്ച മാർക്കും പുനഃപരിശോധനയ്ക്ക് ശേഷം ലഭിച്ചമാർക്കും വിശദമാക്കുമോ ?

ഉത്തരം

(എ) 9 പേർ സർവ്വീസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. 32 പേർ ന്യൂനതകളോടുകൂടിയുള്ള സർട്ടിഫിക്കറ്റാണ് ഹാജരാക്കിയത്. പിന്നീട് ന്യൂനത പരിഹരിച്ച് 41 പേരും ശരിയായ സർവ്വീസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly